# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം.

**നക്ഷത്ര ചിഹ്നമിടാത്ത**

**ചോദ്യം : 388** — **6-2-2013-ൽ മറുപടിക്ക്**

## വൈദ്യുത ചാർജ്ജ് വർദ്ധന

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജു എബ്രഹാം | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി) |

(എ) ഈ സർക്കാർ അധികാരമേറ്റെടുത്ത ശേഷം, വിവിധയിനങ്ങളിലായി കെ.എസ്.ഇ.ബി. എത്ര തവണയാണ് വൈദ്യുതി ചാർജ്ജിന് വർദ്ധനവ് വരുത്തിയിട്ടുള്ളത്; ഏതൊക്കെ വിഭാഗങ്ങളിലായി എത്ര വീതം വർദ്ധനവാണ് വരുത്തിയിട്ടുള്ളത്; ബോർഡിന് ഇതുവഴി എത്ര രൂപയാണ് അധികമായി ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ

(എ) സംസ്ഥാനത്ത് വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കുന്നതിനുള്ള പരിപൂർണ്ണ അധികാരം സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ 2012 ജൂലൈ ഒന്നാം തീയതി മുതൽ സംസ്ഥാനത്ത് സമഗ്രമായി വൈദ്യുതിചാർജ്ജ് വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവിറക്കിയിട്ടുണ്ട്. പ്രസ്തുത വർദ്ധനവിന്റെ വിശദാംശങ്ങൾ അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു.

കൂടാതെ 2012 ഏപ്രിൽ മെയ് മാസങ്ങളിൽ രൂക്ഷമായ വൈദ്യുതി പ്രതിസന്ധി കണക്കിലെടുത്ത്, വ്യാവസായിക വാണിജ്യ ഗാർഹികേതര ഉപഭോക്താക്കൾക്ക് നിലവിലുള്ള താരിഫിൽ മുൻവർഷ ശരാശരി ഉപ ഭോഗത്തിന്റെ 90 ശതമാനം വരെ ഉപയോഗിക്കാൻ അനുവദിക്കുകയും ഗാർഹിക ഉപഭോക്താക്കളെ രണ്ടു മാസത്തേക്ക് 600 യൂണിറ്റുവരെ ഉപയോഗിക്കാൻ

അനുവദിക്കുകയും ടി ഉപഭോക്താക്കൾ കൂടുതലായി ഉപയോഗിക്കുന്ന വൈദ്യുതിക്ക യഥാർത്ഥ വാങ്ങൽ വിലയായ പത്തു രൂപ വാങ്ങാൻ കമ്മീഷൻ അനുവദിക്കുകയും ചെയ്തിട്ടുണ്ടായിരുന്നു. ഇതിനുപുറമെ സംസ്ഥാനത്തെ രൂക്ഷമായ വൈദ്യുതി പ്രതിസന്ധി കണക്കിലെടുത്തും ബോർഡിന്റെ സാമ്പത്തിക്. പ്രതിസന്ധി പരിഗണിച്ചും സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ 2012 ഡിസംബർ 12-- ാം തീയതിയിൽ പുറപ്പെടുവിച്ച ഉത്തരവനുസരിച്ച് വൈദ്യുതി ബോർഡ് വിവിധ ഉപഭോക്താക്കൾക്ക് താഴെ പറയുന്ന രീതിയിൽ ഡിസംബർ 15 - ാം തീയതി മുതൽ വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

1) ലോഡ്ഷെഡ്ഡിംഗിൽ നിന്നൊഴിവാക്കപ്പെട്ട എല്ലാ എച്ച്.റ്റി, ഇ.എച്ച്.റ്റി ഉപഭോക്താക്കളും അവരുടെ വൈദ്യുതി ഉപയോഗം മുൻവർഷത്തെ ശരാശരി ഉപ ഭോഗത്തിന്റെ 75 ശതമാനമായി നിജപ്പെടുത്തുകയും, നിയന്ത്രണത്തിനു മുകളിൽ കൂടുതലായി ഉപയോഗിക്കുന്ന വൈദ്യുതിക്ക് നിലവിലുള്ള താരിഫിനു പുറമെ നിലവിലുള്ള എനർജി ചാർജ്ജ് പെനാൽറ്റി ആയി ഈടാക്കുന്നതാണ്.

2) നിലവിൽ ലോഡ്ഷെഡ്ഡിംഗ് ഉള്ള എച്ച്.റ്റി ഉപഭോക്താക്കൾ അവരുടെ ഉപഭോഗം മുൻവർഷത്തെ ശരാശരി വൈദ്യുതി ഉപയോഗത്തിന്റെ 80 ശതമാനമായി നിജപ്പെടുത്തുകയും, നിയന്ത്രണത്തിനു മുകളിൽ കൂടുതലായി ഉപയോഗിക്കുന്ന ഓരോ യൂണിറ്റിനും നിലവിലുള്ള താരിഫിനു പുറമെ നിലവിലുള്ള എനർജി ചാർജ്ജ് ~~ഉം~~ പെനാൽറ്റി ആയി ഈടാക്കുന്നതാണ്.

3) എല്ലാ എൽ.റ്റി വ്യാവസായിക വാണിജ്യ

ഗാർഹികേതര ഉപഭോക്താക്കളും അവരുടെ വൈദ്യുതി ഉപഭോഗം മുൻവർഷത്തെ ശരാശരി ഉപ ഭോഗത്തിന്റെ 80 ശതമാനമായി നിജപ്പെടുത്തുകയും, നിയന്ത്രണത്തിനു മുകളിൽ കൂടുതലായി ഉപയോഗിക്കുന്ന ഓരോ യൂണിറ്റിനും നിലവിലുള്ള താരിഫിനു പുറമെ നിലവിലുള്ള എനർജി ചാർജ്ജ് പെനാൽറ്റി ആയി ഈടാക്കുന്നതാണ്.

4) ഗാർഹിക ഉപഭോക്താക്കൾ അവരുടെ ദ്വൈമാസ ഉപഭോഗം 500 യൂണിറ്റായി നിജപ്പെടുത്തുകയും, നിയന്ത്രണത്തിനു മുകളിൽ കൂടുതലായി ഉപയോഗിക്കുന്ന ഓരോ യൂണിറ്റിനും നിലവിലുള്ള താരിഫിനു പുറമേ നിലവിലുള്ള സ്ലാബ് നിരക്ക് പെനാൽറ്റി ആയി ഈടാക്കുന്നതാണ്.

2012 ജൂലൈ ഒന്നാം തീയതി മുതൽ പ്രാബല്യത്തിൽ വന്ന താരിഫ് വർദ്ധനവിലൂടെ ഓരോ വിഭാഗത്തിനും 25 ശതമാനം മുതൽ 30 ശതമാനം വരെ വർദ്ധനവാണ് വന്നിട്ടുള്ളത്.

2012 ജൂലൈ ഒന്ന് മുതൽ താരിഫ് വർദ്ധനവ് നടപ്പാക്കിയതു വഴി ഏകദേശം 130 കോടി രൂപ പ്രതിമാസം അധിക വരുമാനമായി ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. കൂടാതെ 2012 ഏപ്രിൽ, മേയ് മാസ കാലയളവിൽ വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്തിയതു വഴി ഏകദേശം 149.71 കോടി രൂപ അധിക വരുമാനമായി ലഭിച്ചിട്ടുണ്ട്. ഇതു കൂടാതെ 2011 ഒക്ടോബർ മുതൽ 2012 ഡിസംബർ വരെ ഇന്ധന സർചാർജ്ജ് ഏർപ്പെടുത്തുന്നതു വഴി ഏകദേശം 330 കോടി രൂപ അധിക വരുമാനമായി ലഭിച്ചിട്ടുണ്ട്

| | | | |
|---|---|---|---|
| (ബി) | ഇപ്പോൾ വീണ്ടും താരിഫ് വർദ്ധന വിനോ വൈദ്യുതി ചാർജ് വർദ്ധന | (ബി) | ഉണ്ട്. 2013 ഏപ്രിൽ മുതൽ താരിഫ് |

വിനോ സർചാർജിനോ വേണ്ടി ബോർഡ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷനെ സമീപിച്ചിട്ടുണ്ടോ; എന്നു മുതൽ ഈ വർദ്ധനവ് വേണം എന്നാണ് ബോർഡ് ആവശ്യപ്പെട്ടിട്ടുള്ളത്; ഇതിന്റെ ആവശ്യകത എന്താണ്;

വർദ്ധനവിലൂടെ ഏകദേശം 1573.45 കോടി രൂപ കണ്ടെത്തുന്നതിനുള്ള നിർദ്ദേശങ്ങൾ 02.01.2013 ൽ വൈദ്യുതി ബോർഡ് റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്തെ താരിഫ് നിർണ്ണയിക്കുന്നതിനുള്ള പരിപൂർണ്ണ അധികാരം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ് സംസ്ഥാന വൈദ്യുതി ബോർഡ് ഒരു ഡിസ്ട്രിബ്യൂഷൻ ലൈസൻസിയെന്ന നിലയിൽ എല്ലാ വർഷവും നവംബർ മാസത്തോടെ ബോർഡിന്റെ വരവു ചെലവു കണക്കുകൾ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച് അംഗീകാരം നേടുകയും വരുമാന കമ്മിയുണ്ടെങ്കിൽ അതു നികത്തുന്നതിനുള്ള നിർദ്ദേശങ്ങളും ബോർഡിൻറെ ARR & ERC പെറ്റീഷനൊപ്പം സമർപ്പിക്കുകയും ചെയ്യേണ്ടതുണ്ട്. ഇതു കൂടാതെ അപ്പലേറ്റ് ട്രിബ്യൂണലിന്റെ 2011 നവംബർ 11 ലെ ഉത്തരവു പ്രകാരം എല്ലാ വൈദ്യുതി റെഗുലേറ്ററി കമ്മീഷനുകളും വൈദ്യുതി ഡിസ്ട്രിബ്യൂഷൻ ലൈസൻസികളുടെ താരിഫ് അതാത് വർഷം ഏപ്രിൽ ഒന്നാം തീയതി തന്നെ അംഗീകരിച്ച് ഉത്തരവിറക്കേണ്ടതുണ്ട്. ഏതെങ്കിലും വിതരണ ലൈസൻസികൾ കമ്മീഷൻ നിഷ്കർഷിക്കുന്ന സമയപരിധി കഴിഞ്ഞ് ഒരു മാസത്തിനകവും ARR പെറ്റീഷനൊപ്പം താരിഫ് പെറ്റീഷൻ സമർപ്പിക്കാത്ത പക്ഷം സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷനുകൾ സ്വമേധയാ അതാതു സാമ്പത്തിക വർഷം ഏപ്രിൽ ഒന്നാം തീയതിയോടെ താരിഫ് പരിഷ്കരിക്കുന്നതിനുള്ള നടപടികൾ എടുക്കേണ്ടതുണ്ട്.

നിലവിലുള്ള താരിഫ് വർദ്ധനവിനു ശേഷവും 2012-13 സാമ്പത്തിക വർഷം ഏകദേശം

3564.40 കോടി രൂപയുടെ വരുമാന കമ്മി വരുമെന്നാണ് ബോർഡ് പ്രതീക്ഷിക്കുന്ന അതുപോലെ തന്നെ 2013-14 സാമ്പത്തികവർഷം ഏകദേശം 2578.67 കോടി രൂപ വരുമാന കമ്മി വരുമെന്ന് ബോർഡ് അനുമാനിക്കുന്നു. നിലവിലുള്ള സാഹചര്യത്തിൽ ടി കമ്മി നികത്തുന്നതിന് പണം കടമായി നൽകാൻ ബാങ്കുകളോ മറ്റു ധനകാര്യ സ്ഥാപനങ്ങളോ തയ്യാറാകാത്ത സാഹചര്യമാണുള്ളത്. അതിനാൽ ബോർഡ് പ്രതീക്ഷിക്കുന്ന വരുമാന കമ്മിയുടെ 25 ശതമാനം താരിഫ് വർദ്ധനവിലൂടെ കണ്ടെത്തുന്നതിന് വേണ്ടിയുള്ള നിർദ്ദേശങ്ങളാണ് കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിട്ടുള്ളത്.

(സി) കൂടുതൽ വൈദ്യുതി ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കളിൽ നിന്നും കൂടിയ നിരക്കിൽ വൈദ്യുതി ചാർജ് വാങ്ങുന്നതിന് കെ.എസ്.ഇ.ബി. ക്ക് റഗുലേറ്ററി കമ്മീഷൻ അനുമതി നൽകിയിട്ടുണ്ടോ ഇതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ

(സി) സംസ്ഥാനത്തെ രൂക്ഷമായ വൈദ്യുതി പ്രതിസന്ധി കണക്കിലെടുത്തും ബോർഡിന്റെ സാമ്പത്തിക സ്ഥിതി പരിഗണിച്ചും സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 2012 ഡിസംബർ 12 - ാം തീയതി പുറപ്പെടുവിച്ച ഉത്തരവനുസരിച്ച് വൈദ്യുതി ബോർഡ് വിവിധ ഉപഭോക്താക്കൾക്ക് 2012 ഡിസംബർ 15 - ാം തീയതി മുതൽ വൈദ്യുതിനിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതു പ്രകാരം ഗാർഹിക ഉപഭോക്താക്കൾക്ക് അവരുടെ ദ്വൈമാസ ഉപഭോഗം 600 യൂണിറ്റായി നിജപ്പെടുത്തുകയും പ്രസ്തുത നിയന്ത്രണത്തിനു മുകളിൽ കൂടുതലായി ഉപയോഗിക്കുന്ന ഓരോ യൂണിറ്റിനും ഗാർഹിക ഉപഭോക്താക്കളിൽ നിന്നും നിലവിലുള്ള താരിഫിനു പുറമേ നിലവിലുള്ള സ്ലാബ് നിരക്ക് പെനാൽറ്റിയായി ഈടാക്കുവാൻ കമ്മീഷൻ അനുമതി നൽകിയിട്ടുണ്ട്

(ഡി) കേരളം കടുത്ത വൈദ്യുതി പ്രതിസന്ധി നേരിടുമ്പോഴും സംസ്ഥാനത്തെ സ്ഥാപനങ്ങൾ ഉപയോഗിക്കുന്ന ദീപാലങ്കാരങ്ങൾക്കോ പരസ്യ ബോർഡുകൾക്കോവിലക്ക് ഏർപ്പെടുത്തിയിട്ടുണ്ടോ

(ഇ) ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഈ വിലക്ക് ലംഘിക്കുന്നവരിൽ നിന്നും വർദ്ധിച്ച നിരക്കിലൂടെ പിഴ ഈടാക്കാൻ കെ.എസ്.ഇ.ബി. ശ്രമിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(എഫ്) ഇത്തരം നിയമ ലംഘന ങ്ങൾ കണ്ടെത്താനും ആവശ്യമായ നടപടി സ്വീകരിക്കാനും എന്തൊക്കെ കാര്യങ്ങൾചെയ്യാനാണ് ഉദ്ദേശിക്കുന്നത്?

ഡി), (ഇ) & (എഫ്) സംസ്ഥാനത്തെ രൂക്ഷമായ വൈദ്യുതി പ്രതിസന്ധി കണക്കിലെടുത്ത് സംസ്ഥാനത്തെ സ്ഥാപനങ്ങൾ ഉപയോഗിക്കുന്ന ദീപാലങ്കാരങ്ങൾക്കും പരസ്യ ബോർഡിനും വേണ്ടിയുള്ള വൈദ്യുതി ഉപയോഗം പരമാവധി കുറയ്ക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. മേൽപറഞ്ഞ ഉപഭോക്താക്കൾക്കും വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. ഈ വിഭാഗം ഉപഭോക്താക്കൾക്കും എനർജി ചാർജ്ജ് പെനാൽറ്റി ആയി ഈടാക്കുവാൻ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അനുമതി നൽകിയിട്ടുണ്ട്. വൈദ്യുതി മോഷണം, മീറ്റർ ടാമ്പെറിംഗ് തുടങ്ങിയവ പരമാവധി കുറയ്ക്കുന്നതിന് ബോർഡിന്റെ ആൻറി പവർ തെഫ്റ്റ് (APTS) ന്റെ പ്രവർത്തനം കൂടുതൽ ഊർജ്ജിതമാക്കുവാനും ബോർഡ് നടപടികൾ എടുത്തു വരുന്നു.

കൂടാതെ ദീപാലങ്കാരങ്ങൾക്കും ആഢംബരാവശ്യങ്ങൾക്കും ഉള്ള വൈദ്യുതി ദുരുപയോഗം കണ്ടുപിടിക്കാനും, അവർക്കെതിരെ ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതിനും സബ് ഡിവിഷൻ തലത്തിൽ ടീമുകൾ രൂപീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**